# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളംജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 08/2021 (15) ചൊവ്വാഴ്ച — **തീയ്യതി 16.02.2021**

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 17.02.2021 | 18.02.2021 | 19.02.2021 | 20.02.2021 | 21.02.2021 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0.2 | 0.2 | 0.1 | 0.1 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 77 | 77 | 77 | 77 | 77 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 51 | 51 | 51 | 51 | 51 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 18 | 14 | 16 | 18 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 270 | 290 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 4 | 7 | 7 | 4 | 4 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കൂറവ് മഴ ലഭിക്കാൻ സാധ്യത.**

കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷികോൽപ്പന്നങ്ങൾ ഉണക്കുമ്പോഴും, കീടനാശിനി പ്രയോഗം നടത്തുമ്പോഴും ശ്രദ്ധിക്കേണ്ടതാണ്.** | | |
| നെല്ല് (മുണ്ടകൻ) പാലുറയ്ക്കുന്ന പരുവം | ചാഴി | നെല്ലിൽ കാണപ്പെടുന്ന ചാഴിയെ നിയന്ത്രിക്കാൻ പാടവും വരമ്പും കള വിമുക്തമാക്കുക. ഒരു പാടശേഖരത്ത് ഒരേ മൂപ്പുള്ള ഇനങ്ങൾ ഒരേ സമയത്ത് കൃഷി ഇറക്കി ഒരേ സമയത്ത് കീടനാശിനി പ്രയോഗം ചെയ്യാൻ ശ്രദ്ധിക്കുക. മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും). കീടനാശിനി തളിക്കുന്നത് വരമ്പുകളിൽ നിന്ന് തുടങ്ങി പാടത്തിന്റെ നടുവിലേക്ക് എത്തുന്ന രീതിയിൽ ആയിരിക്കണം |
| | ബ്ലാസ്റ്റ് രോഗം | നെല്ലിൽ കാണപ്പെടുന്ന ബ്ലാസ്റ്റ് രോഗം നിയന്ത്രിക്കുന്നതിനായി നാല് ഗ്രാം നേറ്റീവോ (ട്രൈഫ്ളോക്സിസ്ട്രോബിൻ + ടെബുകൊണാസോൾ) മിശ്രിതം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | പരിചരണം | പച്ചക്കറികളിലെ സൂക്ഷ്മമൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി പച്ചക്കറിയുടെ സമ്പൂർണ്ണ 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| വെള്ളരി | മത്തൻവണ്ട് | കണി വെള്ളരി നടുന്ന സമയം ആണ്. മത്തൻവണ്ടിനെ നിയന്ത്രിക്കുന്നതിനായി നടുന്ന സമയത്ത് തടങ്ങളിൽ വേപ്പിൻപിണ്ണാക്ക് ഇട്ട് കൊടുക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | 1. തൊലിപ്പുറമെയുള്ള പരാധങ്ങൾക്ക് എതിരെ ജാഗ്രത പുലർത്തണം.<br>2.പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം എന്നിവ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വെറ്റിനറി ഡോക്ടറുടെ സഹായം തേടണം | |